കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് വകുപ്പ് - കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ (സാധാ)നം:223/2013/തസ്വഭവ തിരുവനന്തപുരം, തീയതി:29/01/2013.**

---

പരാമർശം:- 1. 30.05.2012-ലെ സ.ഉ(സാധാ)നം. 1487/12/തസ്വഭവ നമ്പർ ഉത്തരവ്.

2. പഞ്ചായത്ത് ഡയറക്ടറുടെ 05.12.2012, 21.01.2013 തീയതികളിലെ ജി3-15721/12 നമ്പർ കത്തുകൾ.

## ഉത്തരവ്

2012-13 സംസ്ഥാന പദ്ധതി ഡിമാന്റ് നം. XXXV പഞ്ചായത്ത് "2515-00-800-98" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ഓഫീസ് നവീകരണം, കമ്പ്യൂട്ടർവൽക്കരണവും സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തലും എന്ന പദ്ധതിക്ക് വകയിരുത്തിയിരുന്ന 70 ലക്ഷം രൂപ, പഞ്ചായത്ത് ഡയറക്ടറേറ്റ്, ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ, അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ, പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് ഓഫീസുകൾ എന്നിവ ആധുനികവൽക്കരിക്കുന്നതിനായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ച് വാങ്ങുന്നതിന് പരാമർശം ഒന്ന് ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2) 31,850/ (മുപ്പത്തിയൊന്നായിരത്തി എണ്ണൂറ്റി അൻപത്) രൂപ നിരക്കിൽ 175 കമ്പ്യൂട്ടറുകളും 2090/ (രണ്ടായിരത്തി തൊണ്ണൂറ്) രൂപ നിരക്കിൽ 175 യു.പി.എസുകളും 5000/ (അയ്യായിരം) രൂപ നിരക്കിൽ 40 ലേസർ പ്രിന്ററുകളും 3038/ (മൂവായിരത്തി മുപ്പത്തിയെട്ട്) രൂപ നിരക്കിൽ 30 സ്കാനറുകളും ആകെ 62,30,640/ (അറുപത്തിരണ്ട് ലക്ഷത്തി മുപ്പതിനായിരത്തി അറുനൂറ്റി നാൽപ്പത്) രൂപ ഡി.ജി.എസ്സ് & ഡി നിരക്ക് പ്രകാരം ചെലവഴിച്ച് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്ന് പരാമർശം രണ്ട് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോട് അപേക്ഷിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 31,850/ (മുപ്പത്തിയൊന്നായിരത്തി എണ്ണൂറ്റി എൺപത്) രൂപ നിരക്കിൽ 175 കമ്പ്യൂട്ടറുകളും 2090/ (രണ്ടായിരത്തി തൊണ്ണൂറ്) രൂപ നിരക്കിൽ 175 യു.പി.എസുകളും 5000/ (അയ്യായിരം) രൂപ നിരക്കിൽ 40 ലേസർ പ്രിന്ററുകളും 3038/ (മൂവായിരത്തി മുപ്പത്തിയെട്ട്) രൂപ നിരക്കിൽ 30 സ്കാനറുകളും ആകെ 62,30,640/ (അറുപത്തിരണ്ട് ലക്ഷത്തി മുപ്പതിനായിരത്തി അറുനൂറ്റി നാൽപ്പത്) രൂപ ഡി.ജി.എസ്സ് & ഡി നിരക്ക് പ്രകാരം ചെലവഴിച്ച് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
സി. വൽസല
ഗവ: ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (LBA&A), കേരളം, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.